## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1967** 06/02/2019-ൽ മറുപടിയ്ക്ക്

**പോലീസ് സേനയിലെ അഴിമതിയും മാഫിയാബന്ധങ്ങളും**

| **ചോദ്യം**<br>**ശ്രീ.വി.ഡി.സതീശൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| **(എ)** പോലീസ് സേനയിലെ ക്രമക്കേടുകളും അഴിമതിയും മാഫിയാബന്ധങ്ങളും വർദ്ധിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ക്രമക്കേടും അഴിമതിയും നിലനിൽക്കുന്നതായുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് പരിശോധന നടത്തിയത്;<br>**(സി)** പോലീസുദ്യോഗസ്ഥർക്ക് ക്വാറി, മാഫിയ ബന്ധമുള്ളതായും പണമിടപാട്, വാഹനാപകട കേസുകളിൽ ശരിയായ അന്വേഷണം നടത്താതെ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നുവെന്നുമുള്ള ആരോപണം വസ്തുതാപരമാണെന്ന് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;<br>**(ഡി)** എങ്കിൽ ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | ബി) സി) & ഡി) | ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാനവ്യാപകമായി പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. സംസ്ഥാനത്തെ 54 പോലീസ് സ്റ്റേഷനുകളിലാണ് ആദ്യഘട്ടത്തിൽ മിന്നൽ പരിശോധന നടത്തിയത്. മിന്നൽ പരിശോധനയുടെ റിപ്പോർട്ടുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസുകളിൽ തയ്യാറാക്കിവരുന്നതേയുള്ളു. പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

Rahim

സെക്ഷൻ ഓഫീസർ